**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 509** | **08-11-2021 - ൽ മറുപടിയ്ക്ക്**

**കാറ്റും മഴയും മൂലം വൈദ്യുതി മേഖലയിൽ ഉണ്ടായ നാശനഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ ശക്തമായ കാറ്റും മഴയും മൂലം വൈദ്യുത മേഖലയിൽ ഉണ്ടായ നാശനഷ്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കേരളത്തിൽ കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ ശക്തമായ കാറ്റും മഴയും അതേത്തുടർന്നുണ്ടായ പ്രളയവും മൂലം കെ.എസ്.ഇ.ബി.എൽ.ന്റെ വൈദ്യുതി വിതരണ സംവിധാനത്തിനു വളരെയധികം നാശനഷ്ടം ഉണ്ടായിട്ടുണ്ട്. പ്രാഥമിക കണക്കുകൾ പ്രകാരം സംസ്ഥാന ത്താകെ 5165 വിതരണ ട്രാൻസ്ഫോർമറുകളുടെ കീഴിൽ വൈദ്യുതിവിതരണം പൂർണ്ണമായി തടസ്സപ്പെട്ടു. 7.72 ലക്ഷത്തിൽ അധികം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സപ്പെട്ടിരുന്നു. 100 വിതരണ ട്രാൻസ്ഫോർമറു കൾക്ക് കേടുപാടുണ്ടായി. ലഭ്യമായ കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി.എൽ. വിതരണ വിഭാഗത്തിന് കീഴിൽ ഈ പ്രളയം മൂലം സംഭവിച്ച സാമ്പത്തിക നഷ്ടം 24.24 കോടി രൂപയാണെന്ന് കണക്കാക്കുന്നു. ശക്തമായ കാറ്റിലും മഴയിലും സംസ്ഥാനത്തിന്റെ വൈദ്യുതി പ്രസരണ മേഖലയിൽ ഏകദേശം 10,51,327/- രൂപയുടെ നഷ്ടം ഉണ്ടായതായി പ്രാഥമികമായി കണക്കാക്കിയിരിക്കുന്നു. അങ്കമാലി ബിൽഡിംഗ് & സ്റ്റോർ ഡിവിഷന്റെ പരിധിയിൽ 50,000/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. അതോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടിട്ടുണ്ട്. |
| (ബി) | വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട തകരാറുകൾ മാറ്റി വിതരണം എപ്പോൾ പൂർണ്ണമായി പുന:സ്ഥാപിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ? | (ബി) | വിതരണ ശൃംഖലയുടെ പുന:സ്ഥാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനാടിസ്ഥാനത്തിൽ ഒരു കൺട്രോൾ റൂം, മിഷൻ സെൻറർ എന്ന നിലയ്ക്ക് തിരുവനന്തപുരം വൈദ്യുതിഭവൻ കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നു. സർക്കിൾ തല പ്രവർത്തനങ്ങളുടെ ഏകോപനം അതത് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾക്ക് ആണ്. കോവിഡ്-19 |

| | | | |
|---|---|---|---|
| | | | ചികിത്സ ഉൾപ്പെടെയുള്ള ആശുപത്രികൾ, ഓക്സിജൻ നിർമ്മാണ / റീ-ഫില്ലിംഗ് കേന്ദ്രങ്ങൾ, കേരള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകൾ എന്നിവിടങ്ങളിൽ വൈദ്യുതി ഉറപ്പുവരുത്തുന്നതിനും, HT ശൃംഖല പുനഃസ്ഥാപിക്കുന്നതിനും പ്രത്യേക മുൻഗണന നൽകിയിരുന്നു. തുടർന്ന് LT വിതരണ ശൃംഖലയുടെ പ്രശ്നങ്ങളും, വ്യക്തിഗത പ്രശ്നങ്ങളും പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചു. ഉരുൾപൊട്ടലും പ്രതികൂല കാലാവസ്ഥയും മൂലം തകർന്നുപോയ പ്രദേശങ്ങളിൽ വൈദ്യുതി വിതരണം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കി. ഇതിനാവശ്യമായ ജീവനക്കാരെയും സാധന സാമഗ്രികളും എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഇതിനോടകം വന്ന പരാതികൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും തകർന്നതിനാൽ വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെട്ട എല്ലാ പ്രദേശങ്ങളിലും ഇതിനോടകം വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കൂട്ടിക്കൽ പ്രദേശത്തെ പൂർണ്ണമായും ഒലിച്ച് പോയതും പുനഃസ്ഥാപിക്കുവാൻ പറ്റാത്തതുമായ എൺപതോളം വീടുകൾ / സ്ഥാപനങ്ങൾ, ഇടുക്കി ജില്ലയിലെ പെരുവന്താനം പ്രദേശത്തെ പതിനഞ്ചോളം വീടുകൾ എന്നിവയിൽ സുരക്ഷാ കാരണങ്ങളാൽ ഇപ്പോഴും വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ